# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1512 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് നടപടികൾ** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.എം. സ്വരാജ്** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | പ്ലാസ്റ്റിക് മാലിന്യത്തിന്റെ പുന:ചംക്രമണം ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഉൾപ്പെടെ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ (എം.ആർ.എഫ്) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും സ്ഥാപിക്കുക, വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂവെന്ന നിർദ്ദേശം, വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന, എക്സ്റ്റൻറഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി (ഇ.പി.ആർ) ഉറപ്പാക്കാനുള്ള ശ്രമങ്ങൾ, ബ്രാൻഡ് ഓണർ, ഉദ്പാദകർ, ഡീലർമാരുടെയും ശില്പശാലകൾ, പ്ലാസ്റ്റിക് തരംതിരിച്ച് സംഭരണം, ശേഖരണം, പുനചംക്രമണത്തിന് കൈമാറ്റം, പുനചംക്രമണ വ്യവസായം എന്നിവയ്ക്ക് വേണ്ട പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുവാനുള്ള നിർദ്ദേശങ്ങൾ, റീസൈക്ലിംഗ് സാധ്യമല്ലാത്ത പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡ് പണി നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ, റീസൈക്ലിങ് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള നടപടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരണം, സുരക്ഷിതമായ പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനാവശ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ എന്നിങ്ങനെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്ലാസ്റ്റിക്ക് പരമാവധി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്.<br>പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്ക് പകരം പ്രകൃതിസൗഹൃദ ബദൽ ഉത്പന്നങ്ങളുടെ ഉത്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ, പൊതു ചടങ്ങുകളിൽ, സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക്കടക്കമുള്ള ഡിസ്പോസബിൾ വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | പുനരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള "ഗ്രീൻ പ്രോട്ടോക്കോൾ" പ്രവർത്തനങ്ങൾ എന്നീ നടപടികൾ സ്വീകരിക്കുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള റോഡുകൾ ടാറ് ചെയ്യുമ്പോൾ അതിൽ പ്ലാസ്റ്റിക് കൂടി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസം ഇല്ലാതെ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകികൊണ്ട് 17.11.2016-ലെ സ.ഉ.(സാധാ) നം. 3110/2016/തസ്വഭവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ 97 ഗ്രാമപഞ്ചായത്തുകൾ റോഡ് പ്രവൃത്തികളിൽ ഷ്രഡ്ഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്ലീൻ കേരളാ കമ്പനി ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് റോഡ്ടാറിംഗ് പ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിനു വേണ്ടി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും, വലിയ ഗ്രാമപഞ്ചായത്തുകളിലും, നഗരസഭകളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മെഷീനറികളുടെ സപ്ലൈയും സാങ്കേതിക സഹായം നൽകുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ